ആയുർവേദ ഫാർമക്കോഗ്നസി യൂണിറ്റ്

393. [578] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂജപ്പുരയിലുള്ള ആയുർവേദ ഫാർമക്കോഗ്നസി യൂണിറ്റിൽ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ഏതെങ്കിലും പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) അവിടത്തെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) ഉണ്ട്.

"ഫാർമക്കോഗ്നസി ഓഫ് ആയുർവേദിക് ഡ്രഗ്സ്—കേരള" എന്ന പുസ്തകത്തിന്റെ 2-ഉം 10-ഉം വാല്യങ്ങളും 1, 3 എന്നീ വാല്യങ്ങളുടെ റീപ്രിന്റും

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) "ഫാർമക്കോഗ്നസി ഓഫ് ആയുർവേദിക് ഡ്രഗ്സ്—കേരള" എന്ന പുസ്തകത്തിന്റെ വിവിധ വാല്യങ്ങളുടെ പ്രസിദ്ധീകരണം സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പുതിയ ആയുർവേദ ആശുപത്രി

394. [579] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ഈ വർഷം തുടങ്ങുന്ന ആയുർവേദ ആശുപത്രികൾ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ പീരുമേട് താലൂക്കിൽ പുതിയതായി തുടങ്ങുവാൻ നിർദ്ദേശം വല്ലതും ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് പറയാമോ ?

ഉത്തരം

(എ) ഈ വർഷം പതിനെട്ട് ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുന്നതിന് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പീരുമേട് ഗവൺമെന്റ് ആശുപത്രി

395. [580] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേട് ഗവൺമെന്റ് ആശുപത്രി താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പുതിയ കെട്ടിടത്തിന്റെ ജോലികൾ പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പിൽ നിന്നും കെട്ടിടം ആരോഗ്യവകുപ്പിന് കൈമാറാത്തതുകൊണ്ടാണ് പീരുമേട് ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള കാലതാമസം.

പീരുമേട് ഗവൺമെന്റ് ആശുപത്രിയുടെ കെട്ടിടം പണി

396. [581] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് ഗവൺമെന്റ് ആശുപത്രിയുടെ കെട്ടിടം പണി വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയാകാത്തതിന്റെ കാരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ .

(ബി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പണി പൂർത്തിയാകാത്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;

(ബി) പുതിയതായി പണിയിച്ച കെട്ടിടത്തിൽ, ശുദ്ധജലവിതരണ ശുചീകരണ വ്യവസ്ഥകൾക്കുള്ള ഫിറ്റ്പ്പാടുകൾ ഉണ്ടാക്കുക, ചുറ്റു മതിൽ കെട്ടുക, അപ്രോച്ചു റോഡ് നിർമ്മിക്കുക, മൊസൈക്കിന്റെ പണികൾ പൂർത്തിയാക്കുക എന്നിവ പൊതുമരാമത്തുവകുപ്പു ചെയ്തു തീർക്കേണ്ടതാണ്. എത്രയും വേഗം പണി പൂർത്തിയാക്കാൻ പൊതുമരാമത്തു വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പീരുമേട് ഗവൺമെന്റ് ആശുപത്രി പണി ഏറ്റെടുത്തിട്ടുള്ള കോൺട്രാക്ടർക്ക് കുടിശ്ശിക നൽകാൻ നടപടി

397. [582] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് ഗവൺമെന്റ് ആശുപത്രി പണി ഏറ്റെടുത്തിട്ടുള്ള കോൺട്രാക്ടർക്ക് കുടിശ്ശിക നൽകാനുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമേ ആവശ്യമായ തുക അപ്രോപ്രിയേഷൻ മുഖേന സ്വരൂപിക്കാൻ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly